**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1054** **10-08-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോട്ടക്കൽ നഗര ശുദ്ധജല വിതരണ പദ്ധതിക്കായി നിലവിലുള്ള സ്കീമുകളിൽ നിന്നും ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുന്നതിനും, വിതരണ ശൃംഖലകൾ നീട്ടുന്നതിനും / പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി 15.739 കോടി രൂപയുടെ എസ്റ്റിമേറ്റ് അമൃത് 2.0 ൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിനു ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ഇതുകൂടാതെ കോട്ടക്കൽ മുനിസിപ്പാലിറ്റിക്കുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉന്നത തല ജലസംഭരണിയുടെ നിർമ്മാണം, ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കൽ, വിതരണ ശൃംഖല സ്ഥാപിക്കൽ , ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 132.65 കോടി രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകയിരുത്തി ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | കോട്ടക്കൽ നഗര ശുദ്ധജല വിതരണ പദ്ധതിക്കായി നിലവിലുള്ള സ്കീമുകളിൽ നിന്നും ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുന്നതിനും, വിതരണ ശൃംഖലകൾ നീട്ടുന്നതിനും / പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി 15.739 കോടി രൂപയുടെ എസ്റ്റിമേറ്റ് അമൃത് 2.0 ൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിനു ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ഇതുകൂടാതെ കോട്ടക്കൽ മുനിസിപ്പാലിറ്റിക്കുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉന്നത തല ജലസംഭരണിയുടെ നിർമ്മാണം, ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കൽ, വിതരണ ശൃംഖല സ്ഥാപിക്കൽ , ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 132.65 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ചീഫ് എൻജിനീയറുടെ ഓഫീസിലെ 3452/ഡി.5.ഇ/2022/സി.ഇ.എൻ.ആർ-കെ.കെ.ഡി ,3363/ഡി4/2022/സി.ഇ.എൻ.ആർ-കെ.കെ.ഡി എന്നീ ഫയലുകളുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികളുടെ വിശദാംശവും ലഭ്യമാക്കുമോ? | (സി) | കോട്ടക്കൽ മുൻസിപ്പാലിറ്റിയിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം, ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കൽ , വിതരണ ശൃംഖല സ്ഥാപിക്കൽ , ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 132.65 കോടി രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിലേക്കായി 3363/D4/2022/ സി.ഇ -എൻ.ആർ/ കെ.കെ.ഡി -17/1/ 2023 കത്ത് പ്രകാരം ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ ജല അതോറിറ്റി കേന്ദ്ര കാര്യാലയത്തിൽ സമർപ്പിച്ചതിൻ പ്രകാരം മേൽ പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തിൽ മുൻഗണന യനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3452/ ഡി 5 ഇ / 2022 സി ഇ. എ ൻ .ആ ർ കെ കെ ഡി ഫയലിൽ ഉൾപ്പെട്ട കോട്ടക്കൽ നഗര ശുദ്ധജല വിതരണ പദ്ധതിക്കായി നിലവിലുള്ള സ്കീമുകളിൽ നിന്നും ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുന്നതിനും, വിതരണ ശൃംഖല കൾ നീട്ടുന്നതിനും/ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായുള്ള 15.739 കോടി രൂപയുടെ എസ്റ്റിമേറ്റ് അമൃത് 2.0 ൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ